**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **21-06-2024 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കുട്ടികളെ ബാധിക്കുന്ന 12 രോഗങ്ങളിൽ നിന്ന് വാക്സിൻ നൽകി സംരക്ഷിക്കുന്നതിനുള്ള പ്രധാന പരിപാടികളിൽ ഒന്നാണ് സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി. ദേശീയ വാക്സിനേഷൻ ഷെഡ്യൂൾ പ്രകാരം, വാക്സിനേഷൻ മൂലം പ്രതിരോധിക്കാൻ കഴിയുന്ന 12 രോഗങ്ങൾക്കെതിരെയുള്ള വാക്സിൻ (തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ JE വാക്സിൻ ഉൾപ്പെടെ) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും നിശ്ചിത ദിവസങ്ങളിൽ സൗജന്യമായി ലഭ്യമാണ്. കൂടാതെ നിശ്ചിത ദിവസങ്ങളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, അംഗനവാടികൾ മുതലായവ വഴി ബന്ധപ്പെട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും ആരോഗ്യപ്രവർത്തകർ മുഖേന സൗജന്യമായി വാക്സിനേഷൻ നൽകുന്നു. 2022-2023 വർഷത്തിൽ ഒരു വയസുവരെയുള്ള കുട്ടികളിൽ 95% പേർക്കും 2023-2024 വർഷത്തിൽ ഒരു വയസുവരെയുള്ള കുട്ടികളിൽ 92% പേർക്കും ദേശീയ രോഗ പ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനുകൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>കൂടാതെ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള UHTC/RHTC എന്നിവയിൽ സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി National Immunization Schedule പ്രകാരമുള്ള പ്രതിരോധ കുത്തിവെപ്പുകൾ കുട്ടികൾക്കും ഗർഭിണികൾക്കും നൽകി വരുന്നു. വകുപ്പുകളിലെ സബ് സെന്ററുകളുടെപരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഓരോ മാസവും 4 തവണകളിലായി പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. ആയതിലൂടെ |

| | | | |
|---|---|---|---|
| | | | ശരിയായ രീതിയിലുള്ള മാതൃശിശു സംരക്ഷണം ഉറപ്പ് വരുത്താൻ കഴിയുന്നു. 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായുള്ള രോഗപ്രതിരോധ കുത്തിവെയ്പ്പുകളും മരുന്നുകളും ഈ സ്ഥാപനങ്ങൾ വഴി നൽകി വരുന്നു.<br><br>മെഡിക്കൽ കോളേജ് ആശുപത്രിയിൽ തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ പദ്ധതി പ്രകാരമുള്ള കുത്തിവെയ്പ്പുകൾ ലഭ്യമാണ്.<br><br>U-Win Portal വഴി കുത്തിവെപ്പ് എടുത്ത കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും, RCH Portal വഴി വാക്സിനുകളുടെ due date രക്ഷകർത്താക്കൾക്ക് sms മുഖാന്തിരം അറിയിക്കുകയും ചെയ്യുന്നു. ന്യുമോണിയക്കെതിരെ നൽകിയിരുന്ന PCV-10 എന്ന വാക്സിൻ PCV-14 ആക്കിയതിനാൽ കൂടുതൽ strain -കൾക്ക് എതിരെ പ്രതിരോധശേഷി ആർജിക്കാൻ കഴിയും. പദ്ധതിയിലേക്ക് സമയാസമയം പുതിയ വാക്സിനുകൾ ചേർക്കപ്പെടുകയും ഏറ്റവും പുതുതായി ജപ്പാൻ ജ്വരത്തിനെതിരെയുള്ള ജാപ്പനീസ് എൻസിഫലൈറ്റിസ് വാക്സിൻ ഒരു ഡോസ് എന്നത് രണ്ട് ഡോസുകളായി ഉയർത്തിയിട്ടുള്ളതുമാകുന്നു. U-win, RCH എന്നീ പോർട്ടൽ വഴി കുത്തിവയ്ക്കപ്പെടുന്നവരുടെ വിവരങ്ങൾ പോർട്ടലിൽ യഥാസമയം രേഖപ്പെടുത്തുകയും വാക്സിനേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ ആഴ്ചതോറും/മാസംതോറും റിവ്യൂകൾ നടത്തുകയും ചെയ്യുന്നു. RCH പോർട്ടൽ വഴി ഉണഭോക്താവിന് അടുത്ത വാക്സിനേഷൻ തീയതി sms മുഖേന ലഭിക്കാറുണ്ട്. കൂടാതെ Mission indradhanush-partially vaccinated കുട്ടികളെ കണ്ടെത്തി വാക്സിനേറ്റ് ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പരിപാടി എല്ലാ പ്രദേശങ്ങളിലേക്കും ഫലപ്രദമായി വ്യാപിപ്പിച്ച് നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | വാക്സിനേഷൻ പരിപാടി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ദുർഘട പ്രദേശങ്ങളും മറ്റിടങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, അംഗനവാടികൾ മുതലായവ വഴി ബന്ധപ്പെട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും ആരോഗ്യപ്രവർത്തകർ മുഖേന മാസത്തിലൊരിക്കൽ നിശ്ചിത ദിവസങ്ങളിൽ വാക്സിനേഷൻ നൽകുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെയും, വനിതാശിശുവികസന വകുപ്പിന്റെയും സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കി വരുന്നത്.<br><br>വാക്സിനേഷൻ നൽകുന്ന കേന്ദ്രങ്ങളെപ്പറ്റിയുള്ള വിവരങ്ങളും, വാക്സിനേഷൻ സംബന്ധിക്കുന്ന മറ്റു |

വിവരങ്ങളും ആശ വർക്കർമാരും മറ്റു ഫീൽഡ് വിഭാഗം ജീവനക്കാരും മുൻകൂട്ടി കുട്ടികളുള്ള വീടുകളിൽ അറിയിക്കുന്നു. വാക്സിൻ എടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി മാസ്സ് മീഡിയ വിഭാഗം വിവിധ തലത്തിലും വിവിധ മാധ്യമങ്ങൾ മുഖേനയും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, ജില്ലാതലത്തിലും, സംസ്ഥനതലത്തിലും നടക്കുന്ന വിവിധ അവലോകന യോഗങ്ങളിൽ വാക്സിനേഷൻ പരിപാടി അവലോകനം ചെയ്യുകയും കൂടുതൽ ഫലപ്രദമായി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു.

UHTC/RHTC എന്നിവയുടെ ഫീൽഡ് ഏര്യയിൽ കുട്ടികൾക്കും അമ്മമാർക്കും പ്രതിരോധ കുത്തിവെയ്പ്പുകൾ കൃത്യമായി ലഭ്യമാക്കുന്നുണ്ടോ എന്ന് ആശാവർക്കർമാർ വഴി ഉറപ്പ് വരുത്തുന്നു.

ലഭ്യമാക്കാത്തവരെ കൃത്യമായി ഇമ്മ്യൂണൈസേഷൻ ക്യാമ്പുകളിൽ എത്തിച്ച് ആയത് നൽകി വരുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. ആർ.ബി.എസ്.കെ നഴ്സുമാരുടെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്ക് കൃത്യമായി പ്രതിരോധ കുത്തിവെയ്പുകൾ ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും, കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നു. കുത്തിവെയ്പ്പിന്റെ ആവശ്യകത സംബന്ധിച്ച് അവബോധം വളർത്തുകയും ചെയ്യുന്നു.

UHTC/RHTC സബ് സെന്ററുകൾ കേന്ദ്രീകരിച്ചും പ്രതിരോധ വാക്സിനേഷൻ നടത്തുന്നുണ്ട്. കുട്ടികൾ, ഗർഭിണികൾ എന്നിവരെ കേന്ദ്രീകരിച്ച് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തിക്കുന്നതിനായി ഗൃഹസന്ദർശനം നടത്തി ഇന്റൻസീവ് മിഷൻ ഫോർ ഇന്ദ്ര ധനുസ്സ് എന്ന പേരിലുള്ള പ്രോഗ്രാം നടത്തുകയും ചെയ്തു വരുന്നു.

മിഷൻ ഇന്ദ്രധനുസിന്റെ ഭാഗമായി പ്രതിരോധ കുത്തിവെയ്പ്പിന്റെ കവറേജ് കുറഞ്ഞ സ്ഥലങ്ങളിൽ അത് കൂട്ടുന്നതിനായി അധിക ഇമ്മ്യൂണൈസേഷൻ ക്യാമ്പുകൾ നടത്തുന്നുണ്ട്. ആശാ പ്രവർത്തകർ, വോളണ്ടിയേഴ്സ് എന്നിവരുടെ സേവനത്താൽ ഗുണഭോക്താക്കളെ മുൻകൂട്ടി കണ്ടെത്തി കുത്തിവെയ്പ്പ് എടുക്കുന്ന കേന്ദ്രത്തിൽ എത്താൻ നിർദ്ദേശം കൊടുക്കാറുണ്ട്.

| | | | |
|---|---|---|---|
| | | | ആശുപത്രികൾ, അംഗനവാടികൾ, വായനശാലകൾ, സബ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് ഫീൽഡ് തല ഇമ്മ്യൂണിസേഷൻ (out reach) കൃത്യമായി ഷെഡ്യൂൾ ചെയ്തു നടത്തുന്നു. അതിന്റെ മോണിട്ടറിംഗ് സ്ഥാപന തലത്തിലും ബ്ലോക്ക്, ജില്ലാ തലങ്ങളിലും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ